സി1/7945/റ്റിസി/2016

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 18-04-2016

# സർക്കുലർ നം. 17 /2016

വിഷയം: മോട്ടോർ വാഹന വകുപ്പ്-5 വർഷ കാലാവധി തീർന്ന ലൈസൻസ് പുതുക്കി നൽകുന്നത് സംബന്ധിച്ച്

സൂചന: --

കാലാവധി തീർന്നതിനു ശേഷം അഞ്ചു വർഷവും 30 ദിവസവും കഴിഞ്ഞ ഡ്രൈവിംഗ് ലൈസൻസുകൾ പുതുക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ നിലവിൽ വിവിധ ഓഫീസുകളിൽ വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുന്നതായി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തൊട്ടാകെ ഒരു ഏകീകൃത നടപടിക്രമം നടപ്പിൽ വരുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. അഞ്ചു വർഷവും, 30 ദിവസവും കാലാവധി കഴിഞ്ഞ ലൈസൻസുകൾ പുതുക്കുന്നതിനായി മോട്ടോർ വാഹന നിയമം സെക്ഷൻ 15 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കേന്ദ്ര മോട്ടോർ വാഹന ചട്ടം 18 പ്രകാരം ആവശ്യമായ അപേക്ഷ ഫോറം, സർട്ടിഫിക്കറ്റുകൾ, ഏറ്റവും പുതിയതും, 6 മാസത്തിൽ കൂടുതൽ പഴക്കമില്ലാത്തതുമായ ഫോട്ടോ, കാലാവധി തീർന്ന ലൈസൻസ്, ചട്ടം 32 പ്രകാരമുള്ള ഫീസ്, മറ്റു പിഴയിനത്തിലുള്ള ഫീസ് എന്നിവ സഹിതം ലൈസൻസിംഗ്/ അഡീഷണൽ ലൈസൻസിംഗ് അതോറിറ്റി മുൻപാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2. ഇതോടൊപ്പം കേന്ദ്ര മോട്ടോർ വാഹന ചട്ടം 14ൽ നിർദ്ദേശിച്ചിട്ടുള്ള അപേക്ഷയും, ആവശ്യമായ ഫീസും, മറ്റു രേഖകളും കൂടി ഹാജരാക്കേണ്ടതാണ്. അതായത് അപേക്ഷകൻ ലേണേഴ്സ് ലൈസൻസിന് അപേക്ഷ സമർപ്പിക്കേണ്ടതും, ലേണേഴ്സ് ലൈസൻസ് ലഭ്യമാക്കേണ്ടതുമാണ്. ആയതിനായി അപേക്ഷകനെ ലേണേഴ്സ് ലൈസൻസ് ടെസ്റ്റിന് വിധേയമാക്കേണ്ടതില്ല. മാത്രമല്ല, ലേണേഴ്സ് ലഭിച്ച് 30 ദിവസം കഴിഞ്ഞേ പ്രായോഗികക്ഷമതാ പരിശോധനക്ക് ഹാജരാകാവൂ എന്ന നിബന്ധനയും ഒഴിവാക്കേണ്ടതാണ്.

3. അപേക്ഷ ലഭിച്ചാലുടൻ രേഖകൾ പരിശോധിച്ച് എൻഡോഴ്സ്മെന്റ് ലേണേഴ്സ് ലൈസൻസ് നൽകേണ്ടതാണ്. ലേണേഴ്സ് ലൈസൻസിൽ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 15(4) 3-)0 ഖണ്ഡികയിൽ നിഷ്കർഷിച്ച പ്രായോഗികക്ഷമത ടെസ്റ്റിന്റെ സ്ഥലം, സമയം തുടങ്ങിയവ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

4. ടെസ്റ്റ് നടത്തുന്ന അതോറിറ്റി ചട്ടം-15ൽ നിർദ്ദേശിച്ച പ്രകാരം അപേക്ഷകനെ ടെസ്റ്റിന് വിധേയനാക്കേണ്ടതുമാണ്.

5. ടെസ്റ്റ് പൂർത്തിയാക്കി വിജയിക്കുന്ന അപേക്ഷകന് അദ്ദേഹത്തിന്റെ ലൈസൻസ് ടെസ്റ്റ് പാസ്സായ ദിവസം മുതൽ സെക്ഷൻ 14 പ്രകാരം നിഷ്കർഷിച്ച കാലാവധി വരെ പുതുക്കി നൽകാവുന്നതാണ്.

6. ടെസ്റ്റ് നടത്തുന്ന അസിസ്റ്റന്റ് ലൈസൻസിംഗ് അതോറിറ്റി ടി വിവരം ബന്ധപ്പെട്ട ഡ്രൈവിംഗ് ടെസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപേക്ഷകന്റെ ഒപ്പ് വാങ്ങേണ്ടതുമാണ്.

7. നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാലാവധി കഴിയാതിരിക്കുകയും അല്ലെങ്കിൽ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാലാവധി കഴിഞ്ഞ് 5 വർഷം തികയാതിരിക്കുകയും, എന്നാൽ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാലാവധി കഴിഞ്ഞ് 5 വർഷവും ഒരു മാസവും കഴിഞ്ഞ് വരുന്ന സാഹചര്യത്തിൽ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ എൻഡോഴ്സ്മെന്റ് അഞ്ചു വർഷത്തിലധികമായി കാലാവധിയാണ് തീർന്നു പോയതെങ്കിൽ പ്രസ്തുത ലൈസൻസിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാതരം ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും പ്രായോഗികക്ഷമതാ പരിശോധനയും, ബാഡ്ജിന്റെ ടെസ്റ്റും നടത്തേണ്ടതാണ്. എന്നാൽ ഇത്തരം അവസരങ്ങളിൽ ബാഡ്ജ് ടെസ്റ്റ് നടത്തുമ്പോൾ 8-)0 ക്ലാസ്സ് യോഗ്യത നിഷ്കർഷിക്കേണ്ടതില്ല.

മേൽ നിർദ്ദേശങ്ങൾ കർശനമായി നടപ്പിൽ വരുത്തേണ്ടതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

പകർപ്പ്: നോഡൽ ഓഫീസർ, എസ് എസ് ജി-ആവശ്യമായ സോഫ്റ്റ് വെയർ മോഡിഫിക്കേഷനായി

അംഗീകാരത്തോടെ

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി

24/5/2016